കാസർഗോഡ് ജില്ലയിലെ പുതിയ താലൂക്കുകൾ

125 (5334) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ പുതുതായി താലൂക്കുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത, അനുബന്ധ പ്രശ്നങ്ങൾ എന്നിവയൊക്കെ പരിശോധിച്ച് മാത്രമേ പുതുതായി താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

മണ്ണാർക്കാട് താലൂക്കിൽ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി സ്വീകരിക്കുന്നതിന് നടപടി

126 (5336) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്കിലെ വിവിധ വില്ലേജാഫീസുകളിൽ ഭൂനികുതി സ്വീകരിക്കാത്തതുമൂലം ഇ.എം.എസ്. പാർപ്പിട പദ്ധതിപ്രകാരം വീടു ലഭിക്കുന്നതിനും വായ്പയെടുക്കുന്നതിനും മറ്റും തടസ്സമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭൂനികുതി സമയബന്ധിതമായി സ്വീകരിച്ച് ഭൂമി ക്രയവിക്രയത്തിനും രജിസ്ട്രേഷൻ നടത്തുന്നതിനും ആവശ്യമായ നടപടി എത്രയും വേഗം പൂർത്തിയാക്കുമോ ?

ഉത്തരം

(എ) നിയമാനുസരണം ഭൂനികുതി സ്വീകരിക്കേണ്ട സ്ഥലങ്ങൾക്ക് യഥാർത്ഥ കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നുണ്ട്.

(ബി) നിയമാനുസരണം നികുതി സ്വീകരിക്കേണ്ട സ്ഥലങ്ങൾക്ക് നികുതി സ്വീകരിക്കുന്നില്ലെന്ന് പരാതി ലഭിച്ചാൽ ആയത് ഉടൻ പരിഹരിക്കുന്നതാണ്.

(സി) പട്ടയഭൂമികൾക്ക് യഥാർത്ഥ ഭൂവുടമകൾക്ക് നികുതി സ്വീകരിക്കുന്നതിനോ ക്രയവിക്രയം നടത്തുന്നതിനോ യാതൊരു തടസ്സവുമില്ല. ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുന്നപക്ഷം ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly